"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് സ്ക്രാപ്പ് ഉൾപ്പെടെയുള്ള മുഴുവൻ പുന:ചക്രമണയോഗ്യമായ അജൈവ പാഴ് വസ്തുക്കളും ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് (CKCL) അനുമതി നൽകിയ നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1841/2026/LSGD തീയതി,തിരുവനന്തപുരം, 30-09-2026

---

പരാമർശം:-

1. 27/09/2019-ലെ സ.ഉ.(സാധാ) നം. 2112/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 19/10/2019-ലെ സ.ഉ.(സാധാ) നം. 2300/2019/തസ്വഭവ നമ്പർ ഉത്തരവ്.
3. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 09/09/2026-ലെ P1/CKCL/34/2026/02 നം. കത്ത്.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19/09/2026-ലെ SM/795/2026-C3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് (CKCL) അനുമതി നൽകിയിരുന്നു.

2) എന്നാൽ, സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന വേളയിൽ അവയോടൊപ്പം ഉപയോഗശൂന്യമായ ഫർണിച്ചറുകൾ, സ്ക്രാപ്പുകൾ, ലോഹ വസ്തുക്കൾ തുടങ്ങിയവയും കലർന്ന നിലയിൽ കാണപ്പെടാറുണ്ടെന്നും, ഇവ നീക്കം ചെയ്യുന്നതിന് നിലവിലെ ഉത്തരവുകളിൽ വ്യക്തമായ നിർദ്ദേശമില്ലാത്തതിനാൽ സ്ഥാപനങ്ങളിൽ ഇവ കെട്ടിക്കിടന്ന് നശിക്കുകയും ശുചിത്വത്തെയും ദൃശ്യഭംഗിയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുവെന്ന് പരാമർശം (3) പ്രകാരം ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി. അതിനാൽ, സ്ക്രാപ്പ് ഉൾപ്പെടെയുള്ള എല്ലാത്തരം അജൈവ പാഴ്വസ്തുക്കളും ശേഖരിക്കാൻ കമ്പനിക്ക് പൂർണ്ണ അനുമതി നൽകത്തക്കവിധം ഉത്തരവുകളിൽ ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3) നിലവിലുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 (Solid Waste Management Rules, 2026) പ്രകാരം ജൈവവിഘടനം സംഭവിക്കാത്ത മുഴുവൻ മാലിന്യങ്ങളും "ഡ്രൈ വേസ്റ്റ് (Dry Waste)" എന്ന നിർവചനത്തിൽ ഉൾപ്പെടുന്നതിനാലും, ചില തരത്തിലുള്ള മാലിന്യങ്ങൾ മാത്രം നീക്കം ചെയ്യുന്നത് സ്ഥാപനങ്ങളുടെ സമഗ്രമാലിന്യപരിപാലനത്തെ ബാധിക്കുമെന്നതിനാലും ക്ലീൻ കേരള കമ്പനിക്കും എല്ലാത്തരം അജൈവ മാലിന്യങ്ങളും കൈകാര്യം ചെയ്യാനുള്ള അനുമതി ആവശ്യമാണെന്ന് കണ്ടതിനാലും പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രസ്തുത ഭേദഗതിക്കായി ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ന് വിധേയമായി, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എല്ലാത്തരം അജൈവ പാഴ്വസ്തുക്കളും/ഡ്രൈ വേസ്റ്റ് (Dry Waste) ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് (CKCL) അനുമതി നൽകി കൊണ്ട് പരാമർശം (1), (2) ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

5) ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് ആവശ്യമായ ഫോർവേഡ് ലിങ്കേജുകൾ കൃത്യമായി സൃഷ്ടിക്കേണ്ട ഉത്തരവാദിത്തം ക്ലീൻ കേരള കമ്പനി ലിമിറ്റഡിനായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
4. എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
8. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
11. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും( ഗ്രാമവികസന കമ്മീഷണർ മുഖേന)
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ്ബ് & ന്യൂ മീഡിയ, തിരുവനന്തപുരം
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnadev R L
Date: 30-09-2026
13:34:46

സെക്ഷൻ ഓഫീസർ